സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾ നൽകുന്ന അപേക്ഷ/പരാതി/ നിവേദനം തുടങ്ങിയവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. ഭരണ പരിഷ്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ഇത് 2010 ആഗസ്റ്റ് 26-ന് നിലവിൽ വന്നതായി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഭരണ പരിഷ്കാര നടപടികൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുന്നുണ്ടായെന്ന് പരിശോധിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കണക്കാക്കപ്പെട്ടിട്ടില്ല

(ഡി) 1997-ൽ ശ്രീ. ഇ. കെ. നായനാർ ചെയർമാനായി രൂപീകരിച്ച 3-ാമത് ഭരണ പരിഷ്കാര കമ്മറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 13 നമ്പരുകളായുള്ള റിപ്പോർട്ടുകളിലെ മിക്ക ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) റവന്യൂ, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ, ഉദ്യോഗസ്ഥതല പരിഷ്കാരം സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകൾ, സെക്രട്ടേറിയറ്റ് പരിഷ്കാരം സംബന്ധിച്ച പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ നവീകരണം സംബന്ധിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ എന്നിവ ഇനിയും നടപ്പാക്കാനുണ്ട്. ഇവ സർക്കാർ പരിശോധിച്ചു വരുന്നു.

തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

12(*182) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) തുറമുഖ വികസനത്തിന് സഹകാര്യപങ്കാളിത്തം അനുവദിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തുറമുഖങ്ങളുടെ വികസനത്തിനും നവീകരണത്തിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം തുറമുഖങ്ങളുടെ വികസന-നവീകരണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത് ;

(ഇ) തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള):

(എ) തുറമുഖങ്ങളുടെ വികസനത്തിനായി ആദ്യഘട്ടത്തിൽ വികസന സാധ്യതയുള്ള അഞ്ച് തുറമുഖങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം എന്നീ തുറമുഖങ്ങളാണ് വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. തലശ്ശേരി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളുടെ പൈതൃകം നിലനിർത്തി ടൂറിസം ഹെറിറ്റേജ് പ്രോജക്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങൾ PPP അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. മറ്റ് തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരവും അടിസ്ഥാന സൗകര്യ വികസനം KSEB, KWA, KRFB, RVNL, തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുകയും തുറമുഖ ഓപ്പറേറ്ററെ പി.പി.പി. മാർഗ്ഗത്തിലൂടെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) തുറമുഖ നയപ്രകാരം മൈനർ തുറമുഖങ്ങളുടെ സമ്പൂർണ്ണ വികസനത്തിനു വേണ്ടിവരുന്ന ഭീമമായ തുക മൊത്തമായി കണ്ടെത്താൻ സർക്കാരിന് സാധിക്കുകയില്ല. അതിനാൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള PPP മാതൃകയിലുള്ള വികസനമാണ് തുറമുഖ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം എന്നീ തുറമുഖങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തലശ്ശേരി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെ ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ഡി) അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടെ വികസന നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു.

(ഇ) അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി സംസ്ഥാന ബഡ്ജറ്റ് വിഹിതം കൂടാതെ കേന്ദ്ര സർക്കാർ പദ്ധതികളായ ASIDE, TRP, TEAP എന്നിവ വിനിയോഗിച്ച് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത തുറമുഖങ്ങളിൽ വാർഫ്, യാർഡ്, ജലസംഭരണി, ചുറ്റുമതിൽ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം നടന്നുവരുന്നു. കൂടുതൽ ശേഷിയുള്ള കപ്പലുകൾ അടുക്കുന്നതിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ആയം ലഭ്യമാക്കുന്നതിന് ഡ്രഡ്ജിംഗ് നടത്തിവരുന്നു. കൂടാതെ നാല് തുറമുഖങ്ങളിൽ മൊബൈൽ ക്രെയിൻ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പുതിയ മൾട്ടി പർപ്പസ് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ് എന്നിവ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. വിവിധ തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായി വരുന്ന സ്ഥലമെടുപ്പിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

ശബരിമല മാസ്റ്റർ പ്ലാൻ

13(*163) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര ഏക്കർ വനഭൂമി അനുവദിച്ചിട്ടുണ്ട് ;

(സി) കൂടുതൽ വനഭൂമി അനുവദിക്കണമെന്ന് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ്;

(ഇ) മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികളാണ് ആവശ്യമായിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി നിലയ്ക്കലിൽ 110.524 ഹെക്ടർ വനഭൂമിയും പെരിയാർ കടുവ സങ്കേതത്തിൽ ഉൾപ്പെട്ട പമ്പ മുതൽ സന്നിധാനം വരെയുള്ള 12.675 ഹെക്ടർ വനഭൂമിയും അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ശബരിമല മാസ്റ്റർപ്ലാൻ 50 വർഷ കാലയളവിലേക്കുള്ള ഒരു ബ്രഹത് പദ്ധതിയാണ്. ഘട്ടം ഘട്ടമായി നടപ്പിലാക്കേണ്ട ഈ പദ്ധതിയിലുൾപ്പെട്ട വിവിധ ദീർഘകാല പ്രവൃത്തികൾക്ക് ഭാവിയിൽ കേന്ദ്രാനുമതിയോ, വന ഭൂമിയോ ആവശ്യമായി വരുന്നപക്ഷം അത് തേടേണ്ടതായി വരും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly